LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പി.എസ്.സി.-യുടെ ഒറ്റത്തവണ രജിസ്ട്രേഷന് അപ്ലോഡ് ചെയ്യുന്ന ഫോട്ടോയിൽ പേരും ഫോട്ടോയെടുത്ത തീയതിയുമാണ് (ജനനത്തീയതിയല്ല) രേഖപ്പെടുത്തേണ്ടത്. ഈ നിബന്ധന പാലിക്കാൻ കഴിയാതെപോയ ഉദ്യോഗാർത്ഥികളുടെ പരാതി പരിഗണിച്ച് അപേക്ഷ അയയ്ക്കേണ്ട അവസാന തീയതി കഴിഞ്ഞതും എന്നാൽ സെലക്ഷൻ നടപടികൾ ആരംഭിക്കാത്തതുമായ തസ്തികകൾക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ മുഖേന അപേക്ഷിച്ചവർക്ക് പേരും ഫോട്ടോയെടുത്ത തീയതിയുമുള്ള പുതിയ ഫോട്ടോ അപ് ലോഡ് ചെയ്യുന്നതിന് വൺടൈം സെറ്റിൽമെന്റ് എന്ന നിലയിൽ 2014 ഏപ്രിൽ 1 മുതൽ മേയ് 15 വരെ സമയം അനുവദിക്കുകയുണ്ടായി.

(ബി & സി) പി.എസ്.സി. പരീക്ഷകളിൽ അടുത്ത കാലത്തുണ്ടായ ആൾമാറാട്ടം ശ്രദ്ധിൽപ്പെട്ടതിനെത്തുടർന്ന് ഭാവിയിൽ അവ ഒഴിവാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ഉദ്യോഗാർത്ഥികളെ വ്യക്തമായി തിരിച്ചറിയുന്നതിനും ഏറ്റവും അടുത്തകാലത്ത് എടുത്ത ഫോട്ടോയാണെന്ന് ഉറപ്പുവരുത്തുന്നതിനും വേണ്ടിയാണ് ഫോട്ടോയെടുത്ത തീയതിയും അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുള്ളത്. ഈ നിബന്ധന ഒഴിവാക്കുന്ന കാര്യം ഇപ്പോൾ കമ്മീഷന്റെ പരിഗണനയിലില്ല.

പി.എസ്.സി.-യിലെ പരിഷ്കാരങ്ങൾ

70 (7629) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പി.എസ്.സി. പരീക്ഷാനടപടികൾ മെച്ചപ്പെടുത്തുന്നതിനും ഉദ്യോഗാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും എന്തൊക്കെ പരിഷ്കാരങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; ഉദ്യോഗാർത്ഥികൾക്ക് ഇത് എത്രത്തോളം ഗുണം ചെയ്യും ; വിശദാംശം നൽകുമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി.-യിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി

71 (7630) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി ജോലിയിൽ പ്രവേശിക്കുന്നവരുടെ വെരിഫിക്കേഷൻ യഥാസമയം പൂർത്തിയാക്കാൻ കഴിയുന്നില്ല എന്ന് വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തിരുവനന്തപുരം ജില്ല ഒഴികെയുള്ള പി.എസ്.സി. ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ കുറവാണ് ഇതിന് കാരണമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ ;